(ഡി) തിരുവനന്തപുരത്ത് 7 ജീപ്പുകളും 9 മൊബൈൽ ഫോണുകളും കൊല്ലത്ത് 6 ജീപ്പുകളും 8 മൊബൈൽ ഫോണുകളുമാണ് ഈ ആവശ്യത്തിന് സജ്ജീകരിച്ചിട്ടുള്ളത്.

(ഇ) നിലവിലുള്ള സംവിധാനവും തകരാറുകൾ പരിഹരിച്ചുകൊടുക്കാൻ പര്യാപ്തമാണ്. എന്നാൽ കൂടുതൽ കാര്യക്ഷമതയും വേഗതയും ലഭിക്കുന്നതിനു വേണ്ടിയാണ് പുതിയ മൊബൈൽ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

(എഫ്) വൈദ്യുത തകരാറുകൾ പരിശോധിക്കുന്നതിനും അതു സംബന്ധമായ പരാതികൾ എത്രയുംവേഗം പരിഹരിക്കുന്നതിനും വേണ്ടിയാണ് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്തും കൊല്ലത്തും മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ഒരു ജീപ്പ്, ഏണി, മൊബൈൽ ഫോൺ, മറ്റ് ഉപകരണങ്ങൾ എന്നിവ ഈ യൂണിറ്റുകൾക്ക് ലഭ്യമാണ്. ഓരോ സെക്ഷനിൽ നിന്നും ലഭിക്കുന്ന പരാതിയുടെ തോതനുസരിച്ച് ബന്ധപ്പെട്ട ഓപ്പറേറ്റർ മേൽപ്പറഞ്ഞ യൂണിറ്റിനെ അറിയിക്കുന്നതും, യൂണിറ്റ് അത് പരിശോധിക്കുന്നതും ആകുന്നു. യൂണിറ്റും നേരിട്ട് പരാതി സ്വീകരിക്കുന്നതും പ്രശ്നപരിഹാരം നടത്തുന്നതുമാണ്.

ഒരു സബ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഓരോ സെക്ഷനിൽ നിന്നുള്ള ഓരോ ലൈൻമാൻമാരും 2 കോൺട്രാക്ട് തൊഴിലാളികളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്.

സർക്കാർ ആശുപത്രികളിൽ മരുന്നു വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

*17 [290] ശ്രീ. കെ. രാധാകൃഷ്ണൻ:
" ടി. കെ. ദേവകുമാർ:
" എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) മരുന്നുകളുടെ സംഭരണത്തിലും വിതരണത്തിലും സുതാര്യത ഉറപ്പു വരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ ഭാഗമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്നും പഠനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നൂതന സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്താണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സി.പി.സി.-യുടെ അംഗീകാരമില്ലാത്ത മരുന്നു വാങ്ങിയതിൽ കോടിക്കണക്കിന് നഷ്ടം സർക്കാരിനുണ്ടായതിനെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) കഴിഞ്ഞ വർഷം സി.പി.സി.-യുടെ അംഗീകാരമില്ലാതെ മരുന്നു വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളിൽ നിന്നും എത്ര തുകയുടെ മരുന്നുകളാണ് വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ;

(ജി) 2003 മാർച്ച് 11-ന് സി.പി.സി.-യും മരുന്നു കമ്പനികളും തമ്മിലെ കരാർ കാലാവധി അവസാനിച്ചശേഷം ആരോഗ്യ വകുപ്പ് നേരിട്ട് മരുന്ന് വാങ്ങിയിട്ടുണ്ടോ; ഇതിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്താൻ തയ്യാറാകുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) അനുബന്ധം (എ)-യിൽ ചേർത്തിരിക്കുന്നു.†

(ബി) അനുബന്ധം (ബി)-യിൽ ചേർത്തിരിക്കുന്നു.†

(സി ആന്റ് ഡി) വിദഗ്ദ്ധ സമിതി രൂപീകരിച്ച് പഠനം നടത്തുകയുണ്ടായി. വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളു.

(ഇ ആന്റ് എഫ്) സി.പി.സി.-യുടെ അംഗീകാരമില്ലാതെ മരുന്നു വാങ്ങി നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) 2002-2003-ലെ സി.പി.സി.-യും മരുന്നു കമ്പനികളുമായുള്ള കരാർ, 2003 മാർച്ച് 31-ന് അവസാനിക്കുകയുണ്ടായി. എന്നാൽ ഗവൺമെന്റ് സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നുള്ള സി.പി.സി. പ്രതിനിധിയുടെ തസ്തികയിലുണ്ടായ ഒഴിവ് നികത്തുന്നതിൽ ഉണ്ടായ കാലതാമസവും 2003-2004 കാലയളവിലേക്കുള്ള പർച്ചേസ് പോളിസി തീരുമാനിക്കുന്നതിന് ഉണ്ടായ കാലതാമസവും കണക്കിലെടുത്ത് മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കുവാനായി അന്നത്തെ സി.പി.സി. ചെയർമാനായ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശുപാർശ പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ വെളിച്ചത്തിൽ 2002-2003-ലെ സി.പി.സി. റേറ്റ് കോൺട്രാക്ടിൽ നിന്നും സി.പി.സി. അംഗീകരിച്ച അതേ റേറ്റിൽ മരുന്നുകൾ 15-7-2003 വരെ വാങ്ങുവാൻ സർക്കാർ ഉത്തരവായി. അതിൻപ്രകാരം ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും മാർച്ച് 31-ന് ശേഷം മരുന്നു വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ഇതുമൂലം ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാകുമായിരുന്ന മരുന്നു ക്ഷാമം പരിഹരിക്കുവാൻ കഴിഞ്ഞു.

† അനുബന്ധം II, II എ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[12-7-2004-ലെ നക്ഷത്ര ചിഹ്നമിട്ട *17 (290)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകൾ സി.പി.സി. മുഖേനയാണ് വാങ്ങുന്നത്. ആരോഗ്യവകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി, സ്റ്റോർ പർച്ചേസ് വകുപ്പ് ജോയിന്റ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള സി.പി.സി. മരുന്നു ഉല്പാദകരിൽ നിന്നും രജിസ്ട്രേഷൻ ഉള്ള അപേക്ഷ സ്വീകരിക്കുന്നു. തുടർന്ന് കമ്മിറ്റി ഇതു പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്ന കമ്പനികളിൽ നിന്നും റേറ്റും സാമ്പിളുകളും വാങ്ങുന്നു. സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷം തിരഞ്ഞെടുക്കുന്ന കമ്പനികളുമായി നെഗോഷിയേഷൻ നടത്തുന്നു. എന്നിട്ട് മരുന്നു വാങ്ങാനുള്ള കരാർ ഉറപ്പിക്കുന്നു. ആരോഗ്യ വകുപ്പിലേക്കാവശ്യമായ മരുന്നുകൾക്ക് ജില്ലാ മെഡിക്കൽ ആഫീസർമാർ നൽകിയ ഇൻഡന്റ് അനുസരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ആഫീസിൽ നിന്നും സി.പി.സി. നിശ്ചയിച്ച വിലക്ക് ഓർഡറുകൾ കമ്പനിക്ക് നേരിട്ട് നൽകുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന എസ്.എസ്.ഐ. യൂണിറ്റുകൾക്ക് 15 ശതമാനം അധികം പ്രൈസ് പ്രിഫറൻസും കെ.എസ്.ഡി.പി.-ക്ക് 10 ശതമാനവും നൽകുന്നു. ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത കമ്പനിക്ക് (എൽ.ഐ.) 50 ശതമാനവും കൂടുതൽ ഷെയർ നൽകുന്നു. ബാക്കിവരുന്ന 50 ശതമാനം ഷെയർ എസ്.എസ്.ഐ. യൂണിറ്റുകൾക്കും കെ.എസ്.ഡി.പി.ക്കും ആനുപാതികമായി നൽകുന്നു.

കമ്പനി മരുന്നുകൾ ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ നേരിട്ട് വിതരണം ചെയ്യുന്നു. തുടർന്ന് സാമ്പിളുകൾ ഡ്രഗ്സ് കൺട്രോളർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നു. എല്ലാ ബാച്ചിൽ നിന്നും സാമ്പിളുകൾ എടുക്കുന്നു. അതിനുശേഷം മാത്രമാണ് മരുന്നിന്റെ വില കമ്പനികൾക്ക് വിതരണം ചെയ്യുന്നത്.

അനുബന്ധം II (എ)

[12-7-2004-ലെ നക്ഷത്ര ചിഹ്നമിട്ട *17 (290)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

മരുന്നുകളുടെ സംഭരണത്തിലും വിതരണത്തിലും സുതാര്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

താഴെ പറയുന്ന മാനദണ്ഡങ്ങൾക്കു വിധേയമായാണ് കമ്പനികളെ മരുന്നു വിതരണത്തിനുള്ള സി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്.

(i) 5 വർഷത്തെ പ്രവർത്തന പരിചയം

(ii) 5 കോടി രൂപയുടെ വാർഷിക വിറ്റുവരവ്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (എ)---(തുടർച്ച)

(iii) ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് സർട്ടിഫിക്കറ്റ് (ജി. എം. പി.)

(iv) നോൺ കൺവിക്ഷൻ സർട്ടിഫിക്കറ്റ് (എൻ.സി.സി.)

(v) മരുന്നുകൾ സ്വന്തം ഫാക്ടറികളിൽ തന്നെയാണ് ഉല്പാദിപ്പിക്കുന്നതെന്നും മറ്റ് ഏജൻസി വഴി വാങ്ങിത്തരുന്നതല്ലാ എന്നും കാണിക്കുന്ന സാക്ഷ്യപത്രം

(vi) ഇൻകം ടാക്സ്/സെയിൽ ടാക്സ് ക്ളിയറൻസ് സർട്ടിഫിക്കറ്റ്

(vii) ബാലൻസ് ഷീറ്റ് (5 വർഷത്തെ)

ബ്ളാക് ലിസ്റ്റ് ചെയ്ത കമ്പനികളേയോ പ്രോസിക്യൂഷൻ ആക്ഷൻ നേരിടുന്ന കമ്പനികളേയോ പരിഗണിക്കാറില്ല. ഇപ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ലിസ്റ്റിൽ പെടുത്തുന്ന കമ്പനികളിൽ നിന്നും മരുന്നുകൾക്കുള്ള ടെണ്ടറുകളും സാമ്പിളുകളും സ്വീകരിക്കുന്നു. ടെണ്ടറുകൾ 2 കവറുകളിലായി നൽകുന്നു. കവർ ''എ'' യിൽ ടെക്നിക്കൽ ബില്ലും (രേഖകൾ) കവർ ''ബി''യിൽ ഫൈനാൻഷ്യൽ ബില്ലും (മരുന്നിന്റെ വില). കവർ ''എ'' പരിശോധിച്ച് യോഗ്യതയുള്ള കമ്പനികളുടെ മാത്രം കവർ ''ബി'' തുറന്ന് വിലകൾ പരിശോധിക്കാറുള്ളൂ. തുടർന്ന് സാമ്പിളുകളുടെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോളർ പരിശോധിച്ചശേഷം യോഗ്യതയുള്ള കമ്പനികളുടെ നെഗോഷിയേഷൻ നടത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് മരുന്നു തരാൻ സമ്മതിക്കുന്ന കമ്പനിക്ക് 50 ശതമാനം അധിക ഷെയറും കെ. എസ്. ഡി. പി., എസ്. എസ്. ഐ. യൂണിറ്റ് തുടങ്ങിയവർക്ക് ആനുപാതികമായി ഷെയറും നൽകുന്നു.

ടെണ്ടറുകൾ തുറക്കുന്നതും നെഗോഷിയേഷൻ നടത്തുന്നതും മരുന്നു കമ്പനികളുടെ റെപ്രസന്റേറ്റീവിന്റെ മുൻപിൽ സി.പി.സി.യുടെ അംഗങ്ങളുടെ എല്ലാം സാന്നിദ്ധ്യത്തിലാണ്. എല്ലാ തലങ്ങളിലും സുതാര്യത നില നിർത്തിയാണ് കരാറുകൾ ഉറപ്പിക്കുന്നത്.

മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകുന്ന ഇൻഡന്റ് അനുസരിച്ചാണ് വാങ്ങുന്നത്. ഒരു വർഷത്തേക്ക് ആവശ്യമായ മരുന്നുകൾ മരുന്നു കമ്പനികൾ 4 തുല്യ ഗഡുക്കളായി വിതരണം ചെയ്തു വരുന്നു. ഇതുമൂലം എല്ലായിപ്പോഴും പുതിയ ബാച്ചിലുള്ള മരുന്നുകൾ ലഭിക്കുന്നു. മരുന്നുകൾ അമിതമായി സംഭരിച്ച് വയ്ക്കാനുള്ള പ്രവണത ഒഴിവാക്കാനും സാധിക്കുന്നു.

മരുന്നു കമ്പനികൾ വിതരണം ചെയ്യുന്ന ഓരോ ബാച്ച് മരുന്നും വിശദമായ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നിന്റെ തുക കമ്പനികളിൽ നിന്നും ഈടാക്കിവരുന്നു. ഇതിനുപുറമേ ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്ന കമ്പനികളെ പ്രോസിക്യൂട്ട് ചെയ്യുവാൻ ഡ്രഗ്സ് കൺട്രോളർക്ക് അധികാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly